തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - വൈസ് ചാൻസലറുടെ കാര്യാലയം - നിർവാഹകസമിതിയിലെ ഗവേഷണകൗൺസിൽ വൈസ് ചെയർമാൻ - നിർദ്ദിഷ്ട കാലാവധി പൂർത്തീകരണം - ഗവേഷണകൗൺസിൽ വൈസ് ചെയർമാനെ ഒരു വട്ടം കൂടി നിർവാഹകസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ : 50/2015/വി.സി. തിരൂർ, തീയതി: 13.12.19

---

പരാമർശം :- 1. സ.ഉ. നമ്പർ 225/2015/വി.സി. തിയതി 22.12.2018
2. സ.ഉ. നമ്പർ 225/2015/വി.സി. തിയതി 21.08.2018

## ഉത്തരവ്

പരാമർശം (1) പ്രകാരം തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ ഗവേഷണ കൗൺസിൽ രൂപീകരിച്ചിട്ടുള്ളതാണ്.

പരാമർശം (2) പ്രകാരം ഗവേഷണകൗൺസിലിലെ വൈസ് ചെയർമാൻമാരിൽ നിന്നും ഡോ. എ.കെ. നമ്പ്യാരെ ഒരു വർഷ കാലയളവിലേക്ക് നിർവാഹകസമിതി അംഗമായി വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്തിരുന്നു. 21.12.2019 ൽ ഒരു വർഷം പൂർത്തിയാകുന്നതോടെ ഡോ. എ.കെ. നമ്പ്യാരുടെ നിർവാഹകസമിതിയിലെ അംഗത്വം തീരുകയാണ്.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം, 2013, അദ്ധ്യായം III, സെക്ഷൻ 13 ൽ (5) പ്രകാരം എക്സ് ഒഫീഷ്യോ അംഗങ്ങളല്ലാത്ത യാതൊരാൾക്കും നിർവാഹകസഭയിലെ അംഗമായി രണ്ടു തവണയിൽ കൂടുതൽ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ടി നിയമം അനുശാസിക്കുന്ന പ്രകാരം നിർവാഹകസഭയിലെ നിലവിലെ കാലാവധി കഴിയുന്നതോടു കൂടി ഡോ. എ.കെ. നമ്പ്യാരെ നിർവാഹകസമിതി അംഗമായി പുനർനാമനിർദ്ദേശം ചെയ്യുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

തദനുസരണം ഡോ. എ.കെ. നമ്പ്യാരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ നിർവാഹകസമിതിയിലേക്ക് പുനർനാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെടുന്ന തീയതി മുതൽ ഒരു വർഷ കാലയളവിലേക്കായിരിക്കും നിർവാഹകസമിതിയിലെ അദ്ദേഹത്തിന്റെ അംഗത്വം. ചട്ടപ്രകാരമുള്ള യാത്രാപടിയ്ക്കും ബത്തകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

അതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

ഡോ. എ.കെ. നമ്പ്യാർ
വൈസ് ചാൻസലറുടെ കാര്യാലയം
ഫിനാൻസ് വിഭാഗം
ഓഫീസ് രേഖ / കരുതൽ രേഖ